ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നമ്പർ.ബി 6/7/2021/മെ.വി.വ. തീയതി: 16/11/2022

## പത്രക്കുറിപ്പ്
## എം.ഫാം പ്രവേശനം 2021-22, മോപ്പ്-അപ്പ് കൗൺസിലിംഗ്

2021-22 അധ്യയന വർഷത്തെ എം.ഫാം കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ട ഓൺലൈൻ അലോട്ട്മെന്റിനു ശേഷം ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിൽ ഒഴിവുവന്ന 24 സീറ്റുകളിലേയ്ക്ക് താഴെ പറയും പ്രകാരംമോപ്പ്-അപ്പ് കൗൺസിലിംഗ് നടത്തുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒഴിവുള്ള '6' (ആറ്) സീറ്റുകളിലേക്കുള്ള മോപ്പ്-അപ്പ് കൗൺസിലിംഗ് (Mop-up Counseling) 2022 നവംബർ 21 തിങ്കളാഴ്ച രാവിലെ 11 -ന് തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജിലും, കണ്ണൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ ഒഴിവുള്ള '17' (പതിനേഴ്) സീറ്റിലേക്കുള്ള മോപ്പ്-അപ്പ് കൗൺസിലിംഗ് (Mop-up Counseling) 2022 നവംബർ 23 ബുധനാഴ്ച രാവിലെ 11 -ന് കണ്ണൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിലും, കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ ഒഴിവുള്ള '1' (ഒന്ന്) സീറ്റുകളിലേക്കുള്ള മോപ്പ്-അപ്പ് കൗൺസിലിംഗ് (Mop-up Counseling) 2022 നവംബർ 25 വെള്ളിയാഴ്ച രാവിലെ 11 -ന് കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിലും വച്ച്നടത്തുന്നു.

കേരള പ്രവേശനപരീക്ഷ കമ്മീഷണർ,തിരുവനന്തപുരം പ്രസിദ്ധീകരിച്ചിട്ടുള്ള എം.ഫാം പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്നുമാണ് പ്രവേശനം നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസ്സൽ രേഖകൾ, അസ്സൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് പ്രസ്തുത ഒഴിവിലേക്ക് പരിഗണിക്കുന്നത്. EWS ക്വാട്ടയിൽ സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ ആ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമേ പ്രവേശനം ലഭിക്കുകയുള്ളൂ.

മോപ്പ്-അപ്പ് കൗൺസിലിംഗിലൂടെ അല്ലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അന്നേ ദിവസം തന്നെ ഫീസ് അടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത അല്ലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.dme.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by DR AJAYAKUMAR K
Date: 2022.11.16 16:24:56 IST
Reason: Approved

ഡയറക്ടർക്കു വേണ്ടി

AJAYAKUMAR K
JOINT DIRECTOR (MEDICAL)

പകർപ്പ്: 1. ഡയറക്ടർ, ഇൻഫോർമേഷൻ&പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
,തിരുവനന്തപുരം

2.പ്രവേശനപരീക്ഷ കമ്മീഷണർ,തിരുവനന്തപുരം

3.ആകാശവാണി,തിരുവനന്തപുരം/കോഴിക്കോട്

4.ദൂരദർശൻ,തിരുവനന്തപുരം/കോഴിക്കോട്